## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 171** — **17.03.2015-ൽ മറുപടിക്ക്**

### കായൽ മലിനീകരണം നിയന്ത്രിക്കുവാൻ കർമ്മപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| | |
|---|---|
| (എ) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുവാൻ പരിസ്ഥിതി വകുപ്പ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) ശാസ്താംകോട്ട കായൽ പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വെള്ളായണിക്കായൽ, അഷ്ടമുടി, കവ്വായി, പരവൂർ, ചേറ്റുവ മുതലായ കായലുകളുടെ പുന:രുജ്ജീവനത്തിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ; | (ബി) മലിനീകരണ നിയന്ത്രണം, കായൽ ജലസംരക്ഷണം, കായലിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ജൈവ-അജൈവ പരിസ്ഥിതി മെച്ചപ്പെടുത്തൽ അവയുടെ പരിപാലനം, കായൽ കൈയ്യേറ്റം, അനധികൃത മണൽവാരൽ ഇവ തടയൽ ഉൾപ്പെടെയുള്ള നടപടികൾ കർമ്മപദ്ധതിയിലുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കായലുകളെ പൂർണ്ണമായും പുന:രുജ്ജീവിപ്പിക്കുകയാണ് കർമ്മപദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കാമോ ? | (സി) സെന്റർ ഫോർ വാട്ടർ റിസോഴ്സ് മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CWRDM), ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വെറ്റ് ലാൻഡ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ എന്നിവരാണ് കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി സഹകരിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) ശാസ്താംകോട്ട കായൽ പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രഗവൺമെന്റിൽ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അത് കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വെള്ളായണിക്കായൽ, ശാസ്താംകോട്ടക്കായൽ എന്നിവയുടെ വിവിധ സംരക്ഷണ പുന:രുജ്ജീവന പദ്ധതികൾ പരിസ്ഥിതി വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ